REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

**തിയ്യതി:** 12-05-2026 **സമയം** 06.45 AM

---

## പ്രധാന വാർത്തകൾ

- **പശ്ചിമേഷ്യൻ സംഘർഷം ദേശീയ വിഭവങ്ങളിലുണ്ടാക്കുന്ന അമിതഭാരം മറികടക്കാൻ ജനങ്ങൾ ഒറ്റക്കെട്ടാകണമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി**
- **അസമിൽ ഹിമന്ദ ബിശ്വശർമ്മയുടെ നേതൃത്വത്തിൽ NDA ഗവണ്മന്റ് ഇന്ന് സത്യപ്രതിജ്ഞ ചെയ്യും.**
- **കേരള മുഖ്യമന്ത്രിയെ തെരഞ്ഞെടുക്കുന്ന ചർച്ചകൾക്ക് കോൺഗ്രസ് ഹൈക്കമാന്റ് ഇന്ന് ഡൽഹിയിൽ വിശാല യോഗം വിളിച്ചു**
- **ആകാശവാണിയുടെ 90-ാം വാർഷികത്തിന്റെ ഭാഗമായി കോഴിക്കോട് നിലയത്തിൽ ഇന്നും നാളെയും മറ്റന്നാളും മിനി ലിറ്ററേച്ചർ ഫെസ്റ്റ്- LEGACY 2026 സംഘടിപ്പിക്കും.**
- **സംസ്ഥാനത്ത് അടുത്ത അഞ്ച് ദിവസം ചിലയിടങ്ങളിൽ ശക്തമായ മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്.**
- **IPL ക്രിക്കറ്റിൽ ഡൽഹി ക്യാപിറ്റൽസിന് വിജയം.**

## വാർത്തകൾ വിശദമായി

പശ്ചിമേഷ്യൻ സംഘർഷം ഈ ദശകത്തിലെ ഏറ്റവും വലിയ പ്രതിസന്ധിയാണെന്നും, ദേശീയ വിഭവങ്ങൾക്കുമേൽ അതുണ്ടാക്കുന്ന അമിതഭാരം മറികടക്കാൻ ജനങ്ങൾ ഒറ്റക്കെട്ടാകണമെന്നും പ്രധാനമന്ത്രി നരേന്ദ്രമോദി ആഹ്വാനം ചെയ്തു. ജനങ്ങളെ സംഘർഷത്തിന്റെ

ആഘാതത്തിൽ നിന്ന് സംരക്ഷിക്കാൻ ഗവണ്മെന്റ് തുടർച്ചയായി ശ്രമിച്ചുവരികയാണെന്ന് അദ്ദേഹം വഡോദരയിൽ പറഞ്ഞു.

ഡെസ്ക്ക് റിപ്പോർട്ട്

....(വോയ്സ്)....

വിദേശ ഇറക്കുമതി വഴിയുണ്ടാകുന്ന ബാധ്യതയും, വിദേശനാണ്യ ഉപയോഗവും കുറയ്ക്കാൻ പരിശ്രമമുണ്ടാകണമെന്ന് പ്രധാനമന്ത്രി ആവശ്യപ്പെട്ടു. വഡോദരയിൽ സർദാർ ധാം ഹോസ്റ്റൽ നാടിന് സമർപ്പിക്കുകയായിരുന്നു അദ്ദേഹം.

പ്രാദേശിക ഉത്പന്നങ്ങൾക്ക് മുൻഗണന നൽകുന്ന ജനകീയ മുന്നേറ്റമുണ്ടാകണമെന്നും നരേന്ദ്രമോദി നിർദ്ദേശിച്ചു, വിദേശ ഉത്പന്നങ്ങൾക്കു പകരം, സ്വദേശി ഉത്പന്നങ്ങൾ വാങ്ങുന്നതിലൂടെ രാജ്യത്തെ ശക്തിപ്പെടുത്താൻ കഴിയുമെന്ന് പ്രധാനമന്ത്രി ഓർമ്മിപ്പിച്ചു. ഇന്ധന ഉപയോഗം കുറയ്ക്കാൻ വൈദ്യുതവാഹനങ്ങൾ വാങ്ങാനും, മെട്രോ അടക്കം പൊതു ഗതാഗത സംവിധാനങ്ങൾ പ്രയോജനപ്പെടുത്താനും നരേന്ദ്രമോദി ആവശ്യപ്പെട്ടു.

✪✪✪

പ്രധാനമന്ത്രി നരേന്ദ്രമോദി അഞ്ച് രാജ്യങ്ങളിലെ ആറ് ദിവസത്തെ വിദേശയാത്ര വെള്ളിയാഴ്ച ആരംഭിക്കും. യുണൈറ്റഡ് അറബ് എമിറേറ്റ്സ്, നെതർലന്റ്സ്, സ്വീഡൻ, നോർവെ, ഇറ്റലി എന്നിവിടങ്ങളാണ് അദ്ദേഹം സന്ദർശിക്കുന്നത്. വെള്ളിയാഴ്ച UAE യിലെത്തുന്ന പ്രധാനമന്ത്രി, പ്രസിഡണ്ട് ഷെയ്ഖ് മുഹമ്മദ് ബിൻ സയേദ് അൽ നഹ്യാനുമായി കൂടിക്കാഴ്ച നടത്തും. തുടർന്ന് അന്നുതന്നെ അദ്ദേഹം നെതർലന്റ്സിലേക്ക് പോകും. പ്രധാനമന്ത്രിയുടെ UAE - യൂറോപ്യൻ രാജ്യ സന്ദർശനം വ്യാപാര- നിക്ഷേപ രംഗങ്ങളിൽ ഇന്ത്യയുടെ ബന്ധങ്ങൾ കൂടുതൽ ശക്തമാക്കുമെന്ന് വിദേശകാര്യമന്ത്രാലയം അറിയിച്ചു.

✪✪✪

അസമിൽ ഹിമന്ദ ബിശ്വശർമ്മയുടെ നേതൃത്വത്തിൽ NDA ഗവണ്മന്റ് ഇന്ന് സത്യപ്രതിജ്ഞ ചെയ്യും. ഗോഹട്ടിയിലെ ഘാനാപാഡ വെറ്ററിനറി കോളജ് ഗ്രൗണ്ടിൽ രാവിലെ 11-40 നാണ് ചടങ്ങ്. തുടർച്ചയായി രണ്ടാം തവണയാണ് ഹിമന്ദ ഗവണ്മെന്റ് അസമിലെ ഭരണമേൽക്കുന്നത്- NDA മൂന്നാം തവണയും.

പ്രധാനമന്ത്രി നരേന്ദ്രമോദിയും, കേന്ദ്രമന്ത്രിമാരായ അമിത്ഷാ, രാജ്നാഥ് സിംഗ്, BJP അധ്യക്ഷൻ നിതിൻ നബീൻ തുടങ്ങിയവരടക്കം പ്രമുഖ നേതാക്കൾ ചടങ്ങിൽ പങ്കെടുക്കും. BJP ഭരിക്കുന്ന സംസ്ഥാനങ്ങളിലെ മുഖ്യമന്ത്രിമാരും പരിപാടിയിൽ പങ്കുചേരും.

✪✪✪

പുതുച്ചേരി മുഖ്യമന്ത്രിയായി എൻ രംഗസാമി നാളെ സത്യപ്രതിജ്ഞ ചെയ്യും. AI-NRC - യുടെ നേതൃത്വത്തിൽ N D A സഖ്യം നിയമസഭാ തിരഞ്ഞെടുപ്പിൽ മികച്ച വിജയം നേടിയിരുന്നു. അഞ്ചാം തവണയാണ് രംഗസാമി മുഖ്യമന്ത്രിയാകുന്നത്.

✪✪✪

കേരള മുഖ്യമന്ത്രിയെ തെരഞ്ഞെടുക്കുന്ന ചർച്ചകൾ സജീവമാക്കി, കോൺഗ്രസ് ഹൈക്കമാന്റ് ഇന്ന് ഡൽഹിയിൽ വിശാല യോഗം വിളിച്ചു. മുൻ KPCC പ്രസിഡന്റുമാർ,വർക്കിംഗ് പ്രസിഡന്റ്, മുതിർന്ന കോൺഗ്രസ് നേതാക്കൾ തുടങ്ങിയവർ വിശാല യോഗത്തിൽ പങ്കെടുക്കും.

യോഗത്തിലേക്ക് മുതിർന്ന കോൺഗ്രസ് നേതാക്കളായ V.M സുധീരൻ, K മുരളീധരൻ, തിരുവഞ്ചൂർ രാധാകൃഷ്ണൻ തുടങ്ങിയവർ ചർച്ചകൾക്കായി ഡൽഹിയിൽ എത്തിയിട്ടുണ്ട്.

ചർച്ച ഫലപ്രദമായാൽ ഇന്ന് രാത്രിയോ, നാളെയോടെയോ മുഖ്യമന്ത്രിയുടെ കാര്യത്തിൽ തീരുമാനമായേക്കും.

✪✪✪

കേരളത്തിൽ CPIM നേതൃയോഗങ്ങൾ ഇന്ന് തുടങ്ങും. ഇന്ന് സെക്രട്ടേറിയറ്റും, നാളെയും മറ്റന്നാളും സംസ്ഥാന കമ്മിറ്റിയും ചേരും. പ്രതിപക്ഷ നേതാവിനെ യോഗം തീരുമാനിക്കുമെന്നാണ് റിപ്പോർട്ട്. 15 മുതൽ ഘട്ടങ്ങളായി ജില്ലാ നേതൃയോഗങ്ങളും വിളിക്കും. ജൂൺ പത്തിനകം ബ്രാഞ്ച് യോഗങ്ങൾ അവസാനിക്കും.

CPI ജില്ലാ നേതൃയോഗങ്ങൾ മറ്റന്നാൾ ആരംഭിക്കും. 24 നകം പൂർത്തീകരിക്കും. CPI മത്സരിച്ച 25 സ്ഥലത്തെ മണ്ഡലം കമ്മിറ്റിയോഗങ്ങളും ഇതിനു പിന്നാലെ നടക്കും.

✪✪✪

തമിഴ്നാട്ടിലെ അണ്ണാ DMK നിയമസഭാകക്ഷിയിൽ ഭിന്നത രൂക്ഷമായി. പാർട്ടിയിലെ 30 അംഗങ്ങൾ P വേലുമണിയെ നിയമസഭാകക്ഷി നേതാവായി തിരഞ്ഞെടുത്ത് പ്രോട്ടം സ്പീക്കർ കറുപ്പയ്യയ്ക്ക് കത്തു നൽകി. 17

അംഗങ്ങളുടെ മറ്റൊരു വിഭാഗം എടപ്പാടി പളനിസാമിയെ നിയമസഭാകക്ഷി നേതാവായി തിരഞ്ഞെടുത്തിട്ടുണ്ട്. തമിഴ്നാട്ടിലെ വിജയ് ഗവണ്മെന്റിന് ഭൂരിപക്ഷം തെളിയിക്കാൻ നാളെ വരെയാണ് സമയം നൽകിയിരിക്കുന്നത്.

✪✪✪

ഇന്ത്യയുടെ ഭക്ഷ്യശേഖരം ഉയർന്ന തോതിലാണെന്നും, രാജ്യത്ത് ഒരിടത്തും ഭക്ഷ്യക്ഷാമമില്ലെന്നും കൃഷിമന്ത്രി ശിവരാജ് സിംഗ് ചൗഹാൻ വ്യക്തമാക്കി. ന്യൂഡൽഹിയിൽ 'ആരോഗ്യത്തിന് ശാസ്ത്ര മികവ് കാർഷിക പരിവർത്തനത്തിലൂടെ' എന്ന കൃഷി - ആരോഗ്യ വകുപ്പുകളുടെ സംയുക്ത സംരംഭം- 'സെഹത്' ന് തുടക്കം കുറിയ്ക്കുകയായിരുന്നു അദ്ദേഹം. ആരോഗ്യമന്ത്രി JP നദ്ദയ്ക്കൊപ്പമാണ് അദ്ദേഹം പദ്ധതി പ്രഖ്യാപിച്ചത്. ഇന്ത്യൻ കാർഷിക ഗവേഷണ കൗൺസിലും, ഇന്ത്യൻ മെഡിക്കൽ ഗവേഷണ കൗൺസിലും ചേർന്നാണ് പദ്ധതി നടപ്പാക്കുന്നത്. ജനതയുടെ ആരോഗ്യസംരക്ഷണത്തിന് അനുയോജ്യമായ ഭക്ഷ്യസാധനങ്ങൾ എന്ന ലക്ഷ്യത്തോടെയാണ് സെഹത് ആവിഷ്ക്കരിച്ചത്.

✪✪✪

രാജ്യത്ത് പെട്രോളിയം ഉൽപന്നങ്ങൾക്ക് ക്ഷാമമില്ലെന്നും 60 ദിവസത്തേക്കാവശ്യമായ അസംസ്കൃത എണ്ണയും പ്രകൃതിവാതകവും, 45 ദിവസത്തേക്ക് വേണ്ട LPG യും സ്റ്റോക്ക് ഉണ്ടെന്ന് കേന്ദ്ര ഗവൺമെന്റ് അറിയിച്ചു. പശ്ചിമേഷ്യൻ സംഘർഷവുമായി ബന്ധപ്പെട്ട് ന്യൂഡൽഹിയിൽ രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിങ്ങിന്റെ അധ്യക്ഷതയിൽ ചേർന്ന മന്ത്രിമാരുടെ യോഗത്തിലാണ് ഇക്കാര്യം വ്യക്തമാക്കിയത്. സംഘർഷത്തിലെ ഏറ്റവും പുതിയ സംഭവവികാസങ്ങൾ യോഗം വിലയിരുത്തി.

✪✪✪

രാജ്യത്തെ ഹൈക്കോടതികളിൽ കെട്ടിക്കിടക്കുന്ന ജാമ്യാപേക്ഷകൾ വേഗത്തിൽ തീർപ്പാക്കുന്നതിന് സുപ്രീംകോടതി നടപടികൾ നിർദ്ദേശിച്ചു. ജാമ്യാപേക്ഷകൾ സ്വയമായി ലിസ്റ്റ് ചെയ്യാനും, അവ തീർപ്പാക്കാൻ സമയപരിധി നിശ്ചയിക്കാനും ചീഫ് ജസ്റ്റിസ് സൂര്യകാന്ത്, ജസ്റ്റിസ് ജോയ്മല്യ ബാഗ്ചി എന്നിവരടങ്ങിയ ബെഞ്ച് നിർദ്ദേശിച്ചു. കാലതാമസം ഒഴിവാക്കാൻ സോഫ്റ്റ്‌വെയർ അധിഷ്ഠിത സംവിധാനം വഴി ജാമ്യാപേക്ഷകൾ ആഴ്ചയിലോ രണ്ടാഴ്ചയിലോ ലിസ്റ്റ് ചെയ്യണമെന്നും കോടതി ശുപാർശ ചെയ്തു.

കോടതി ബെഞ്ചിനും അഭിഭാഷകർക്കും ഇടയിലെ പ്രശ്നങ്ങൾ രമ്യമായി പരിഹരിക്കുന്നതിന് രാജ്യത്തുടനീളം പരാതി പരിഹാര സമിതികൾ രൂപീകരിക്കണമെന്ന് മറ്റൊരു ഉത്തരവിൽ സുപ്രീം കോടതി നിർദ്ദേശിച്ചു.

✪✪✪

ആകാശവാണിയുടെ 90-ാം വാർഷികത്തിന്റെ ഭാഗമായി പ്രക്ഷേപണത്തിന്റെ 75 വർഷങ്ങൾ പിന്നിട്ട കോഴിക്കോട് നിലയം ഇന്നും നാളെയും മറ്റന്നാളും നിലയത്തിൽ മിനി ലിറ്ററേച്ചർ ഫെസ്റ്റ്- LEGACY 2026 സംഘടിപ്പിക്കും. ഇന്ന് രാവിലെ ചടങ്ങിൽ എഴുത്തുകാരൻ കൽപറ്റ നാരായണൻ മുഖ്യാതിഥിയായി പങ്കെടുക്കും.

എഴുത്തുകാരായ CV ബാലകൃഷ്ണൻ, KC നാരായണൻ, KV സജയ്, E. ജയകൃഷ്ണൻ, PP ശ്രീധരനുണ്ണി, KM നരേന്ദ്രൻ, ഗായകൻ VT മുരളി തുടങ്ങിയവർ മൂന്നു ദിവസങ്ങളിലായി വിവിധ സെഷനുകളിൽ പങ്കെടുക്കും. വ്യാഴാഴ്ച സമാപന സമ്മേളനത്തിൽ CV ബാലകൃഷ്ണനാണ് മുഖ്യാതിഥി.

✪✪✪

ആകാശവാണി 90-ാംവാർഷിക ആഘോഷങ്ങളുടെ ഭാഗമായി, തിരുവനന്തപുരം നിലയം, ചെമ്പൈ മെമ്മോറിയൽ ട്രസ്റ്റിന്റെ സഹകരണത്തോടെ ഇന്ന് സംഗീതകച്ചേരി സംഘടിപ്പിക്കും.ശ്രീവരാഹം ചെമ്പൈ മെമ്മോറിയൽ ഹാളിൽ വൈകിട്ട് ആറിനാണ് പരിപാടി.

✪✪✪

ആകാശവാണി നാടകോത്സവത്തിൽ ഇന്ന് രാത്രി 9-30 ന് കോഴിക്കോട് നിലയം അവതരിപ്പിക്കുന്ന 'മടക്കം' എന്ന നാടകം പ്രക്ഷേപണം ചെയ്യും. C കൃഷ്ണകുമാർ എഴുതി സംവിധാനം ചെയ്യുന്ന നാടകത്തിൽ, അബ്ദുള്ള നന്മണ്ട, പ്രദീപ്ഗോപാൽ, എൽസി സുകുമാരൻ, PM ദീപ തുടങ്ങിയവരാണ് കഥാപാത്രങ്ങൾക്ക് ശബ്ദം നൽകുന്നത്. നാളെ ഉച്ചയ്ക്ക് ഒരു മണിയ്ക്ക് നാടകത്തിന്റെ പുനഃപ്രക്ഷേപണമുണ്ടായിരിക്കും.

✪✪✪

IPL ക്രിക്കറ്റിൽ ഡൽഹി ക്യാപിറ്റൽസ്, പഞ്ചാബ് കിംഗ്സിനെ മൂന്ന് വിക്കറ്റിന് തോൽപ്പിച്ചു. ഇന്ന് ഗുജറാത്ത് ടൈറ്റൻസ്, സൺ റൈസേഴ്സ് ഹൈദരാബാദിനെ നേരിടും. വൈകിട്ട് ഏഴരയ്ക്ക് അഹമ്മദാബാദിലാണ് മത്സരം.

✪✪✪

കൊൽക്കത്തയിൽ ISL ഫുട്ബോളിൽ, പഞ്ചാബ് FC- ഈസ്റ്റ് ബംഗാൾ മത്സരം ഗോൾരഹിത സമനിലയിൽ പിരിഞ്ഞു. ഇന്ന് മോഹൻ ബഗാൻ സൂപ്പർ ജയന്റ്, ഇന്റർകാശിയെ നേരിടും. വൈകിട്ട് ഏഴരക്ക് കൊൽക്കത്തയിലാണ് മത്സരം.

✪✪✪

കരിപ്പൂർ വിമാനത്താവളം വഴി ഹജ്ജ് തീർത്ഥാടകരുടെ ആദ്യസംഘം വ്യാഴാഴ്ച പുലർച്ചെ യാത്രതിരിക്കും. മെയ് 17 വരെയാണ് സർവീസ്. ആകാശ എയർലൈൻസിന്റെ ഏഴ് സർവ്വീസുകളാണ് കോഴിക്കോട്ട് നിന്ന് പുറപ്പെടുന്നത്.

യാത്രയുടെ മുന്നൊരുക്കങ്ങളും സൗകര്യങ്ങളും എയർപോർട്ട് ഡയറക്ടർ മുകേഷ് യാദവിന്റെ നേതൃത്വത്തിൽ ഇന്നലെ വിലയിരുത്തി.

✪✪✪

സംസ്ഥാനത്ത് അടുത്ത അഞ്ച് ദിവസം ചിലയിടങ്ങളിൽ ശക്തമായ മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് മുന്നറിയിപ്പ് നൽകി. തെക്കു പടിഞ്ഞാറൻ ബംഗാൾ ഉൾക്കടലിൽ രൂപപ്പെട്ട ന്യൂനമർദം കൂടുതൽ ശക്തിപ്പെടാൻ സാധ്യതയുയുണ്ടെന്നും കാലാവസ്ഥാ വകുപ്പ് അറിയിച്ചു. ലക്ഷദ്വീപിനും കേരള തീരത്തിനും സമീപത്തായി ചക്രവാതച്ചുഴി നിലനിൽക്കുന്നതിനാൽ ശക്തമായ കാറ്റിനും സാധ്യതയുണ്ടെന്നും കാലാവസ്ഥാ വകുപ്പ് വ്യക്തമാക്കി.

✪✪✪

കോഴിക്കോട് ജില്ലയിൽ പലയിടത്തും വേനൽമഴയിലും, കാറ്റിലും വ്യാപകനാശമുണ്ടായി. പേരാമ്പ്രയിൽ നിർത്തിയിട്ട വാഹനങ്ങൾക്ക് മുകളിൽ മരം വീണു. മൂന്ന് വീടുകൾക്ക് ഭാഗികമായ കേടുപാടുകളും സംഭവിച്ചു. നാദാപുരത്ത് അഞ്ചിടങ്ങളിൽ വീടുകൾക്ക് മുകളിലും വൈദ്യുത പോസ്റ്റിലും മരം വീണു.

✪✪✪

മലപ്പുറം നിലമ്പൂർ മലവാരത്ത് ശക്തമായ മഴയെത്തുടർന്ന് കാളികാവിലെ കെട്ടുങ്ങൽ ചിറ, ചാഴിയോട് ചിറ എന്നിവ നിറഞ്ഞു. ഇതോടെ മേഖലയിലെ കടുത്ത വരൾച്ചക്ക് ആശ്വാസമായി. മലയോര നിവാസികൾക്കും കർഷകർക്കും മഴ വലിയ ആശ്വാസമായി മാറി.

✪✪✪

ഡോ.സുകുമാർ അഴീക്കോട് ജന്മശതാബ്ദി ആഘോഷങ്ങൾ കണ്ണൂരിൽ ഇന്ന് സമാപിക്കും. രാവിലെ ഡോ. MN കാരശ്ശേരി ഉദ്ഘാടനം ചെയ്യും. ഉച്ച കഴിഞ്ഞ് മേധാ പട്ക്കർക്കും, പെരുമാൾ മുരുകനും, അഴിക്കോട് പുരസ്കാരങ്ങൾ എഴുത്തുകാരൻ M.മുകുന്ദൻ സമ്മാനിക്കും. സമാപന സമ്മേളനം VM സുധീരൻ ഉദ്ഘാടനം ചെയ്യും.

✪✪✪

പാലക്കാട് എലപ്പുള്ളിയിൽ ചരക്ക് ലോറിയും ബൈക്കും കൂട്ടിയിടിച്ച് രണ്ട് യുവാക്കൾ മരിച്ചു. എലപ്പുള്ളി മണിയേരി വിഷ്ണു, പുതുശ്ശേരി കുന്നേക്കാട് കാർത്തിക് എന്നിവരാണ് മരിച്ചത്. ഇന്നലെ രാത്രി പത്തു മണിയോടെ പേട്ട ജങ്ഷന് സമീപമായിരുന്നു അപകടം. മൃതദ്ദേഹങ്ങൾ ജില്ലാ ആശുപത്രി മോർച്ചറിയിലേക്ക് മാറ്റി.

✪✪✪

കാസർകോട് പടന്നക്കാട് കാർഷിക കോളേജിൽ ദ്വിദിന ദേശീയ സെമിനാർ ആരംഭിച്ചു. സസ്യ രോഗ - കീട നിയന്ത്രണത്തിന് നൂതന ആശയങ്ങളെക്കുറിച്ച് ഗവേഷകരും വിദ്യാർത്ഥികളും പ്രബന്ധങ്ങൾ ആദ്യദിവസം അവതരിപ്പിച്ചു. സെമിനാർ ഇന്ന് സമാപിക്കും.

✪✪✪

കാസർകോട് നീലേശ്വരത്ത് ദേശീയപാതയിൽ ആകാശപാത നിർമിക്കണമെന്നാവശ്യപ്പെട്ട് ജനകീയ സമരസമിതിയുടെ അനിശ്ചിത കാല സമരം 50 ദിവസം പിന്നിട്ടു. നൂറു കണക്കിനാളുകൾ പങ്കെടുത്ത മനുഷ്യ മതിലും സമരത്തിന്റെ ഭാഗമായി സംഘടിപ്പിച്ചു.

✪✪✪

---

*News Editor : പി ചന്ദ്രബാബു*
*News Reader: അനിൽ ചന്ദ്രൻ*
*News Team: രജിന കെ*
*DEO: ഷീബ*